# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

| | | |
|---|---|---|
| വിഷയം | : | ജയിലുകൾ - ആസ്ഥാനകാര്യാലയം - പ്ലാനിങ് വിഭാഗം-2023-24 വാർഷിക പദ്ധതി - തടവുകാരുടെ ക്ഷേമം-അന്തേവാസികൾക്കായി കായികോപകരണങ്ങൾ വാങ്ങുന്നത് - പർച്ചേസ് കമ്മിറ്റി രൂപീകരിച്ചുതുടർ നടപടികൾ സ്വീകരിക്കുന്നതിന് സിക്ക ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു :- |
| പരാമർശം | : | 18.09.2023 ലെ സ.ഉ(കൈ) നം.201/2023/Home നമ്പർ സർക്കാർ ഉത്തരവ് |

**<u>ഉത്തരവ് നമ്പർ. P2-29290/2023/PrHQ; തീയതി : 16-10-2023</u>**

2023-24 വർഷത്തെ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജയിലുകളിൽ അന്തേവാസികൾക്കായി കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് പരാമർശപ്രകാരം 18.89 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാകുന്നു.

അപ്രകാരം ജയിലുകളിലേയ്ക്കാവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സിക്ക ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കായിക ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ചുവടെ പറയുന്ന നടപടികൾ സിക്ക ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

1.മേഖലാ ഡി.ഐ.ജിമാരെയും, ചീഫ് വെൽഫെയർ ഓഫീസർ ,റീജിയണൽ വെൽഫെയർ ഓഫീസർമാർ എന്നിവരെയും ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ തീരുമാനങ്ങൾ ആസ്ഥാനകാര്യാലയത്തിൽ അറിയിച്ച് അനുമതി വാങ്ങേണ്ടതുമാണ്.

2. ഓരോ മേഖലയിലെയും വിവിധ ജയിലുകളിലേക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ സംബന്ധിച്ച പട്ടിക, ഇവ വാങ്ങുന്നതിലേയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് (ഉത്തരമേഖലയിൽ നിന്നും 8 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിയും ദക്ഷിണ, മദ്ധ്യ മേഖലകളിൽ നിന്നും 5.50 ലക്ഷം രൂപയിൽ നിജപ്പെടുത്തിയുമുള്ളത്) ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യക്കേണ്ടതാണ്.

3.ഓരോ ജയിലിലും വിതരണം ചെയ്യേണ്ട കായികോപകരണങ്ങളുടെ ഇനം, എണ്ണം എന്നിവയടങ്ങുന്ന പട്ടിക ആസ്ഥാനകാര്യാലയത്തിൽ സമർപ്പിച്ചു അംഗീകാരം ലഭ്യമാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. Gem /ഇ-ടെണ്ടർ നടപടികൾ മുഖേന പർച്ചേസ് നടപടികൾ സ്വീകരിക്കേണ്ടതും ,സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ് .

5. Supply ചെയ്യുന്ന ഇനങ്ങളുടെ ഗുണമേന്മ, പർച്ചേസ് കമ്മിറ്റി മുഖേന പരിശോധിച്ചു ഉറപ്പുവരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

P2-29290/2023/PrHQ ec2d3d

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡയറക്ടർ സിക്ക & ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
(ദക്ഷിണമേഖല),
തിരുവനന്തപുരം